"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് - ജീവനക്കാര്യം - ശ്രീമതി. അഖില ചാക്കോ കെ.എ.എസ് (PEN : 748330) - ന് പരിവർത്തിതാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.3263/2024/GAD തീയതി,തിരുവനന്തപുരം, 19-07-2024

---

പരാമർശം:-
1. മെമ്മോ നം. സ്പെഷ്യൽ-ഇ3/1/2021-പൊ.ഭ.വ. തീയതി, 09.12.2021.
2. സ.ഉ. (കൈ) നം. 221/2021/പൊ.ഭ.വ. തീയതി, 23.12.2021.
3. സ.ഉ. (സാധാ) നം. 4287/2023/GAD തീയതി, 19.09.2023.
4. ശ്രീമതി. അഖില ചാക്കോ കെ.എ.എസ് സമർപ്പിച്ച 05.07.2024 - ലെ അപേക്ഷ.

**<u>ഉത്തരവ്</u>**

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ഓഫീസർ (ജൂനിയർ ടൈം സ്കെയിൽ) ട്രെയിനി തസ്തികയിലേക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമന ശിപാർശ ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് പരാമർശം (1) പ്രകാരം നിയമന മെമ്മോ നൽകുകയും 1, 2, 3 സ്ട്രീമിലെ ഉദ്യോഗാർത്ഥികളോട് യഥാക്രമം 20.12.2021, 21.12.2021, 22.12.2021 തീയതികളിൽ ജോലിയിൽ പ്രവേശിക്കുന്നതിനായി ഹാജരാകുവാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. പ്രസ്തുത തീയതികളിൽ ഹാജരായ ഉദ്യോഗാർത്ഥികളെ പ്രമാണ പരിശോധന പൂർത്തിയാക്കിയ ശേഷം പരാമർശം (2) പ്രകാരം തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിൽ പരിശീലനത്തിനായി നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) പരാമർശം (1) നിയമന മെമ്മോ അനുസരിച്ച് തങ്ങളുടെ ലാവണങ്ങളിൽ നിന്ന് വിടുതൽ ചെയ്ത് ജോലിയിൽ പ്രവേശിക്കുന്നതിനായി ഹാജരായ ഉദ്യോഗാർത്ഥികളുടെ മുൻ സർവ്വീസിൽ നിന്ന് വിടുതൽ ചെയ്ത തീയതി മുതൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ പ്രവേശിച്ച തീയതി വരെയുള്ള കാലയളവ് കെ.എസ്.ആർ ഭാഗം I ചട്ടം 125 - ന്റെ ചുവടെയുള്ള നോട്ട് 2, ചട്ടം 126A എന്നിവ പ്രകാരം മിനിമം ജോയിനിംഗ് ടൈം (Actual Journey Time)

ആയും ശേഷിക്കുന്ന കാലയളവ് ഉദ്യോഗസ്ഥന്റെ ക്രെഡിറ്റിലുള്ള അർഹതപ്പെട്ട അവധിയായും ക്രമീകരിച്ചുകൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം ക്രമീകരിക്കപ്പെട്ട 21.12.2021, 22.12.2021 എന്നീ തീയതികൾ പരിവർത്തിതാവധിയായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി. അഖില ചാക്കോ കെ.എ.എസ് പരാമർശം (4) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിൽ കൃഷി വകുപ്പിലെ അണ്ടർ സെക്രട്ടറി ആയി സേവനമനുഷ്ഠിക്കുന്ന ശ്രീമതി. അഖില ചാക്കോ കെ.എ.എസ് (PEN : 748330) - ന് കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം 1 ചട്ടം 84 പ്രകാരം 21.12.2021, 22.12.2021 എന്നീ തീയതികളിൽ പരിവർത്തിതാവധി, അർഹതയ്ക്ക് അനുസൃതമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. അക്കൗണ്ടന്റ് ജനറലിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത തീയതികളിലെ അവധി ശമ്പളം അനുവദിക്കുന്നതിനുള്ള നടപടി നിലവിലെ ഡി.ഡി.ഒ. സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദിലീപ്.സി.ഡി
അഡിഷണൽ സെക്രട്ടറി

ശ്രീമതി. അഖില ചാക്കോ കെ.എ.എസ്, അണ്ടർ സെക്രട്ടറി, കൃഷി വകുപ്പ്.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ) കേരള, തിരുവനന്തപുരം (അവധി അപേക്ഷ പരിശോധനക്കുശേഷം തിരിച്ചയക്കുന്നതിനായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു).
സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ് ട്രഷറി.
പൊതുഭരണ (അക്കൗണ്ട്സ്-എൻ / ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്.
വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Binu Kumar N S
Date: 19-07-2024 17:47:39
സെക്ഷൻ ഓഫീസർ